ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം – 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in
വെബ്: www.mvd.kerala.gov.in
ഫോൺ :0471-2333317 / 37
തീയതി: **17/09/2021**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം – 695 014

സ്വീകർത്താവ്: ശ്രീ.വിനോദ്.എ.എസ്,
ജനറൽ സെക്രട്ടറി,
കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ ,
ഇടപ്പള്ളി,
തൃക്കാക്കര(പി.ഒ)
എറണാകുളം-682021

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് -പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ മുൻപായുള്ള വാഹനപരിശോധന നിർത്തലാക്കുന്നത് സംബന്ധിച്ച്

സൂചന :- മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നുള്ള G210301830 കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. GSR 240(E) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഭേദഗതി അനുസരിച്ച് വാഹന രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 48B പ്രകാരം പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.ആയതു പ്രകാരമാണ് പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളെ രജിസ്ട്രേഷൻ സമയത്തുള്ള പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.എന്നാൽ വാഹന ഡീലറുടെ പക്കൽ വിൽപ്പനക്കായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ നേരിട്ട് പരിശോധിക്കുന്നതിന് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാർക്ക് അനുമതി നൽകിയിട്ടുണ്ട്.

വാഹനത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വാഹന നിർമാതാക്കൾ തന്നെ വഹൻ പോർട്ടലിൽ രേഖപ്പെടുത്തുന്നതിനാൽ ഇത് സംബന്ധിച്ചുണ്ടാകുന്ന എല്ലാ പിഴവുകൾക്കും നിർമ്മാതാവ് ഉത്തരവാദിയാണ്.റോഡിൽ നടക്കുന്ന വാഹന പരിശോധനയിൽ വാഹനങ്ങളിൽ എതെങ്കിലും തരത്തിൽ പിഴവുകൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഡീലർ/നിർമ്മതാവിൽ നിന്നും പിഴ ഈടാക്കുന്നതിനു വ്യവസ്ഥയുണ്ട്. ഷാസി വാങ്ങി ബോഡി നിർമ്മിക്കുന്ന വാഹനങ്ങളെ രജിസ്ട്രഷനോടനുബന്ധിച്ച്ചുള്ള പരിശോധനയിൽ നിന്നും ഒഴിവാക്കിയ്ട്ടില്ല.

കേന്ദ്ര മോട്ടോർ വാഹനചട്ടങ്ങളിലെ ഭേദഗതി പ്രകാരം നിഷ്കർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് മാത്രമേ വാഹന രജിസ്ട്രേഷൻ നടത്തുവാൻ പാടുള്ളൂ.രജിസ്ട്രേഷന് ശേഷം റോഡിൽ ഉപയോഗിക്കപ്പെടുന്ന വാഹനങ്ങൾ പരിശോധിക്കുകയും നിയമാനുസൃതമായ രേഖകൾ സൂക്ഷിച്ചിട്ടുണ്ടോയെന്നും നിയമവിരുദ്ധമായി വാഹനത്തതിൽ രൂപമാറ്റം വരുത്തിയിട്ടുണ്ടോയെന്നും മറ്റും

വാഹനപരിശോധനയ്ക്കായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. നിയമ വിരുദ്ധമായി വാഹനത്തിന്റെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും നിയമാനുസൃതമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും ഉള്ള കാര്യം നിരത്തിലുള്ള വാഹനപരിശോധനയിലൂടെ കണ്ടെത്തി ഉറപ്പുവരുത്താവുന്നതാണ്. .

വിശ്വസ്തതയോടെ,

Digitally signed by
MURALEEKRISHNAN B
Date:Fri Sep 17 11:03:51 IST 2021
Reason: Approved

Muraleekrishnan B
Sr. Deputy Transport Commissioner (tax)

പകർപ്പ് :-

...